വിലസ്ഥിരതാ ഫണ്ട്

6 (*465) ശ്രീ. കെ. പി. സതീശ്ചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചയിൽ നിന്നും കർഷകർക്ക് ആശ്വാസം നൽകുന്നതിനായി സർക്കാർ പ്രഖ്യാപിച്ച വിലസ്ഥിരതാഫണ്ട് സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ഫണ്ടിന്റെ പ്രയോജനം സംസ്ഥാനത്തെ ഏതെല്ലാം വിഭാഗം കർഷകർക്ക് ലഭിക്കുമെന്ന് വിശദമാക്കാമോ ;

(സി) കേന്ദ്രസർക്കാർ രൂപംകൊടുത്ത മാതൃകയിലാണോ സംസ്ഥാനത്തും വിലസ്ഥിരതാ ഫണ്ട് നടപ്പാക്കുന്നത് ;

(ഡി) വിലസ്ഥിരതാഫണ്ടിന്റെ പരിധിയിൽ ഏതെല്ലാം വിളകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഇ) വിലസ്ഥിരതാഫണ്ടിൽ അംഗങ്ങളാകുന്ന കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഇല്ല.

(ബി-ഇ) 2003-04-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്ത് വിലസ്ഥിരതാ ഫണ്ട് രൂപീകരിക്കുമെന്നും ഇതിലേക്കായി 50 കോടി രൂപ നീക്കിവയ്ക്കുമെന്നും പ്രഖ്യാപിച്ചിരുന്നു. ഇത് പ്രാവർത്തികമാക്കുന്നതു സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചുവരുന്നതേയുള്ളൂ.

രാസകീടനാശിനികളുടെ ഉപയോഗം കുറയ്ക്കാൻ നടപടി

7 (*466) ശ്രീ. വി. ഡി. സതീശൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. കെ. ബാബു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിക്കുവേണ്ടി രാസകീടനാശിനികൾ ഉപയോഗിക്കുന്നത് മിത്രകീടങ്ങളെയും നശിപ്പിക്കുവാനിടയാക്കുമെന്നും രാസകീടനാശിനികളുടെ ഉപയോഗം ഭൂഗർഭജലത്തെയും അന്തരീക്ഷത്തെയും മലിനപ്പെടുത്തുമെന്നും മറ്റ് വിഷമയമാകുമെന്നും മനിലയിലുള്ള ലോകപ്രശസ്ത നെൽകൃഷി കേന്ദ്രം അഭിപ്രായപ്പെട്ടകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly